# STD - VIII

## അദ്ധ്യാപക സഹായി

## പാഠം - പതിനൊന്ന്   സഭയും എക്യുമെനിസവും   ഭാഗം - ഒന്ന്

### ലക്ഷ്യം

അപ്പസ്തോലന്മാരെ അടിസ്ഥാനമാക്കി ക്രിസ്തു സ്ഥാപിച്ചതാണ് കത്തോലിക്ക തിരുസഭ. കാലാന്തരത്തിൽ ഇത് പല സഭകളായി രൂപപ്പെട്ടു. ഈ ഭിന്നതകൾ ക്രൈസ്തവ സഭയ്ക്ക് കളങ്കമാണ്. യേശുവും പിതാവും ഒന്നായിരിക്കുന്നതുപോലെ, യേശുവിൽ വിശ്വസിക്കുന്ന ഏവരും ഒന്നായിരിക്കണമെന്ന് യേശു ആഗ്രഹിച്ചു. സഭകളുടെ ഐക്യത്തിനായി എനിക്ക് ചെയ്യാവുന്ന എല്ലാ പ്രവർത്തനങ്ങളിലും ഞാൻ പങ്കാളിയാകും.

### പഠനസഹായികൾ

* കേരളത്തിലെ വിവിധ ക്രൈസ്തവസഭാ നേതാക്കൾ - ചിത്രം
* രണ്ടാം വത്തിക്കാൻ സൂനഹദോസ് - ചിത്രം
* ജോൺ 23-ാമൻ പാപ്പാ, ഫ്രാൻസീസ് പാപ്പാ - ചിത്രം
* വചനം - യോഹ. 17:2

### പാഠത്തിന്റെ ഉള്ളടക്കം

* അപ്പസ്തോലന്മാരെ അടിസ്ഥാനമാക്കി ക്രിസ്തു സ്ഥാപിച്ചതാണ് തിരുസഭ.
* ഭിന്നതകൾ മൂലം പല സഭകളായി രൂപാന്തരപ്പെട്ടു.
* പ്രൊട്ടസ്റ്റന്റു വിപ്ലവം കത്തോലിക്കാ സഭയെ പിളർത്തി
* അഗസ്റ്റീനിയൻ വൈദികനായിരുന്ന മാർട്ടിൻ ലൂഥറാണ് ഇതിന് നേതൃത്വം നൽകിയത്.
* സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള ശ്രമമാണ് എക്യുമെനിസം.
* ജോൺ 23-ാമൻ പാപ്പായാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുചേർത്തത്
* സഭൈക്യത്തിന്റെ പാപ്പ - ജോൺ 23-ാമൻ പാപ്പാ
* ഐക്യത്തിന്റെ പുനരുത്ഥാനം എന്ന പ്രമാണരേഖയാണ് എക്യുമെനിസത്തെ സംബന്ധിച്ച കത്തോലിക്കാ സഭയുടെ ഔദ്യോഗിക മാർഗരേഖ.
* യേശുവിനെ രക്ഷകനും ദൈവവുമായി അംഗീകരിക്കുന്ന സഭകളുടെ കൂട്ടായ്മയാണ്, സഭകളുടെ ലോക കൗൺസിൽ

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഒരുമിച്ചുചേരുവാനും ഒരുമിച്ചു പ്രാർത്ഥിക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ, ആമേൻ.

## ചോദ്യങ്ങൾ

1. പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന് നേതൃത്വം കൊടുത്തത് ആരാണ്?
2. തെന്ത്രോസ് സൂനഹദോസിൽ എന്തിനെയൊക്കെ കുറിച്ചുള്ള ഔദ്യോഗിക നിലപാടാണ് സഭ വ്യക്തമാക്കിയത്?
3. എന്താണ് എക്യുമെനിസം കൊണ്ട് ഉദ്ദേശിക്കുന്നത്?
4. സഭൈക്യത്തിന്റെ പാപ്പാ എന്നറിയപ്പെടുന്നത് ആരാണ്?
5. എക്യുമെനിസത്തെ സംബന്ധിച്ച കത്തോലിക്കാ സഭയുടെ മാർഗരേഖ ഏതാണ്?

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – പതിനൊന്ന്   സഭയും എക്യുമെനിസവും   ഭാഗം – രണ്ട്

### ലക്ഷ്യം

എല്ലാവരും ക്രിസ്തുവിൽ ഒന്നായിത്തീരാനുള്ള സഭൈക്യശ്രമങ്ങളിൽ ഞാനും പങ്കാളിയാകും. എല്ലാവരും ഒന്നായിരിക്കാനുള്ള ക്രിസ്തുവിന്റെ പ്രാർത്ഥന യാഥാർത്ഥ്യമാക്കാൻ എല്ലാ ക്രൈസ്തവരും പരസ്പരം ക്ഷമിക്കാനും ഉൾക്കൊള്ളാനും തയ്യാറാവണം. ഇതരസഭയിലെ സഹോദരങ്ങളുമായുള്ള ബന്ധം ദൃഢമാക്കാൻ സഭ നടത്തുന്ന സംവാദങ്ങളിൽ കത്തോലിക്കാ സഭയോടൊപ്പം ഞാനും ഉണ്ടാകും.

### പഠനസഹായികൾ

* വത്തിക്കാനിൽ നടന്ന എക്യുമെനിക്കൽ യോഗത്തിന്റെ ചിത്രങ്ങൾ
* പ്രാദേശികമായി നടന്ന എക്യുമെനിക്കൽ പരിപാടി – ചിത്രം
* ഓർത്തഡോക്സ്, യാക്കോബായ മേലധ്യക്ഷന്മാരുടെ ചിത്രങ്ങൾ
* വചനം – എഫേ. 4:5–6

### പാഠത്തിന്റെ ഉള്ളടക്കം

* ഓർത്തഡോക്സ് സഭകൾ എക്യുമെനിക്കൽ പ്രസ്ഥാനവുമായി സഹകരിക്കുന്നു
* ആംഗ്ലിക്കൻ സഭയും കത്തോലിക്കാ സഭയും തമ്മിൽ ഐക്യം പുനഃസ്ഥാപിക്കാൻ നീക്കങ്ങൾ നടത്തുന്നു
* സ്വാർത്ഥതകൾ വെടിഞ്ഞ് സഭൈക്യം യാഥാർത്ഥ്യമാകാൻ സഭകൾ ആഗ്രഹിക്കണം
* ഇതരസഭാംഗങ്ങളെ മോശമാക്കുന്ന സംസാരങ്ങളും തീരുമാനങ്ങളും ഒഴിവാക്കണം
* വിവിധ സഭകൾ തമ്മിലുള്ള ആരോഗ്യപരമായ സംവാദങ്ങൾ ഔദ്യോഗികതലങ്ങളിൽ ഊർജ്ജിതമാക്കണം

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, ഇതര സഭകളിലെ ദൈവമക്കളെ മോശമാക്കുന്ന പ്രവർത്തനങ്ങളും സംസാരങ്ങളും നടത്താൻ എന്നെ അനുവദിക്കരുതേ. അങ്ങയിൽ വിശ്വസിക്കുന്ന ഏവരും ഒന്നായിത്തീർന്ന് അവിടുത്തെ മഹത്വപ്പെടുത്താനുള്ള അനുഗ്രഹം പ്രദാനം ചെയ്യണമേ, ആമേൻ.

## ചോദ്യങ്ങൾ

1. ഓർത്തഡോക്സ് സഭകൾ എക്യുമെനിക്കൽ പ്രസ്ഥാനവുമായി സഹകരിച്ചു തുടങ്ങിയത് ഏതു വർഷം ആണ്?
2. സഭൈക്യ പ്രവർത്തനങ്ങളുടെ പ്രാധാന്യം വിവരിക്കുക.
3. സഭൈക്യ പ്രവർത്തനങ്ങളിൽ നമ്മുടെ പങ്കാളിത്തം എങ്ങനെ ഉറപ്പുവരുത്താം?
4. സഭൈക്യവാരമായി ആചരിക്കുന്നത് എന്നാണ്?
5. സഭൈക്യപ്രാർത്ഥനയ്ക്ക് ആരംഭം കുറിച്ചത് ആരാണ്?